# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1007 12/07/2016 -ൽ മറുപടിയ്ക്ക്

## ജൈവ കൃഷി

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**
**,, കെ.എസ്.ശബരീനാഥൻ**
**,, റോജി എം. ജോൺ**
**,, കെ.സി.ജോസഫ്**

**മറുപടി**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) മുൻ സർക്കാരിന്റെ കാലത്ത് ജൈവ കൃഷി രീതി വ്യാപിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ;

എ) 10.02.2010 -ലെ സ.ഉ (പി) നം. 39/2010 കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പച്ചക്കറിയിലെ കീടനാശിനികളുടെ അംശം പരിശോധിച്ച് തിട്ടപ്പെടുത്തുകയും തുടർന്ന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും ആരോഗ്യ സാമൂഹ്യ പ്രവർത്തകർ വ്യാപകമായി പ്രചരണം നല്കുകയും ചെയ്തു. ഇതേ തുർന്ന് പൊതുജനങ്ങളുടെ ഇടയിൽ ജൈവ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിക്കപ്പെടുകയും ജനങ്ങൾ ജൈവ കൃഷിയിലേക്ക് ആകൃഷ്ടരാകാൻ കാരണമാവുകയും ചെയ്തു. എൻഡോസൾഫാൻ ദുരിത ബാധിത ജില്ലയായ കാസർഗോഡ് ആണ് ജൈവ കൃഷിയിലേയ്ക്ക് ആദ്യം തിരിഞ്ഞത്. ഇതിനായി വിവിധതലങ്ങളിലായി പരിശീലന പരിപാടികളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു. ജൈവകൃഷിയിലേയ്ക്ക് തിരിഞ്ഞ നിയോജക മണ്ഡലങ്ങൾക്ക് അവാർഡ് ഇനത്തിൽ 10 ലക്ഷം രൂപയും 8 മണ്ഡലങ്ങൾക്ക് പ്രോത്സാഹന സമ്മാനമായി 1,00,000/- രൂപ വീതവും നല്കി. മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമായി ഒന്നാം സ്ഥാനത്തിന് 3 ലക്ഷം രൂപ വീതവും പ്രോത്സാഹന സമ്മാനമായി 50,000/- രൂപ വീതവും നല്കി. പ്രോത്സാഹന സമ്മാനമായി 28

പഞ്ചായത്തുകൾക്കും സമ്മാനം നല്കുകയുണ്ടായി. എല്ലാ ജില്ലകളിലും ജൈവ കൃഷി വ്യാപനത്തിനായി ജൈവ സന്ദേശകൃഷിയാത്ര സംഘടിപ്പിച്ചു.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ;

ബി)

- ഭക്ഷ്യവസ്തുക്കളിൽ വിഷാംശം അടങ്ങിയത് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം, ജൈവകൃഷി വ്യാപനം എന്നിവ നടപ്പിലാക്കുക.
- സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.
- കർഷകർക്കാവശ്യമായ ജൈവവളങ്ങൾ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- ജൈവഉല്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
- ജൈവകീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

സി) പ്രസ്തുത പദ്ധതിയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

സി) കൃഷി ഡയറക്ടറേറ്റിൽ സ്റ്റേറ്റ് ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിക്കുകയും ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഒരു ടെക്നോളജി മാനേജർ, രണ്ടു ഫെസിലിറ്റേറ്റർമാർ എന്നിവരെ നിയമിക്കുകയും കൂടാതെ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഓരോ ടെക്നോളജി മാനേജർ, ഫെസിലിറ്റേറ്റർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

S. [signature]

**സെക്ഷൻ ഓഫീസർ**